(എ) ഇപ്പോഴത്തെ വിദ്യുച്ഛക്തിമന്ത്രിയെ, മന്ത്രിസഭയിൽ തിരിച്ചെടുക്കുന്നതിന് മുൻപ് ജസ്റ്റീസ് ജാനകിയമ്മയോട് നിയമോപദേശം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ അവർ നൽകിയ നിയമോപദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല.

അന്വേഷണ കമ്മീഷനുകൾ

* 207 [239] ശ്രീ. ടി. കെ. ആറുമുഖൻ:
,, എ. കെ. പത്മനാഭൻ:
,, ജി. വരദൻ:
,, ടി. കെ. അബ്ദു:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇതിനകം സർക്കാരിനു ലഭിച്ചിട്ടുള്ളത്;

(സി) ഏതെല്ലാം അന്വേഷണ റിപ്പോർട്ടുകളാണ് ഇനി ലഭിക്കുവാനുള്ളത്;

(ഡി) എത്ര അന്വേഷണ കമ്മീഷനുകളുടെ കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആഭ്യന്തരവകുപ്പിൽ 13, വിജിലൻസ് വകുപ്പിൽ 2, മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) ആഭ്യന്തര വകുപ്പിൽ നിന്നും വിജിലൻസ് വകുപ്പിൽ നിന്നും നിയമിച്ചവരുടേത് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) റിപ്പോർട്ടു ലഭിച്ച എല്ലാ കമ്മീഷനുകളുടെയും കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതിൽ രണ്ടു കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

* 208 [240] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്നന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 207 (239) കാണുക]

	കമ്മീഷൻ	റിപ്പോർട്ട് ലഭിച്ചു/ഇല്ല
1.	കക്കി ടീ ഇടപാട് സംബന്ധിച്ച ക്രമക്കേടുകളും—ജ. ജോർജ് വടക്കേൽ കമ്മീഷൻ	ലഭിച്ചു
2.	വിഴിഞ്ഞം പോലീസ് വെടിവയ്പ് (3–9–1982) ജ. കനകദാസ് കമ്മീഷൻ	ലഭിച്ചു
3.	വലിയതുറ പോലീസ് വെടിവയ്പ് (11–12–1982) ജ. വാസുദേവൻ കമ്മീഷൻ	ലഭിച്ചു
4.	ആലപ്പുഴ പോലീസ് വെടിവയ്പ് (28, 29–12–1982) ജ.കുഞ്ഞുവറീത് കമ്മീഷൻ	ലഭിച്ചു
5.	പേരൂർക്കട ലോക്കപ്പ് മരണം (10, 11–5–1983) ജ.പ്രഹ്ളാദൻ കമ്മീഷൻ	ലഭിച്ചു
6.	ചാത്തന്നൂർ ലോക്കപ്പ് മരണം (27–6–1983) ജ. അബൂബേക്കർ കമ്മീഷൻ	ലഭിച്ചു
7.	പുൽപ്പള്ളി–മുള്ളൻകൊല്ലി പോലീസ് വെടിവയ്പ് (6–7–1983) ജ.നാരായണപിള്ള കമ്മീഷൻ	ലഭിച്ചു
8.	തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഗ്യാലറി അപകടം (10–10–1984) ജ. ചന്ദ്രശേഖരപിള്ള കമ്മീഷൻ	ലഭിച്ചു
9.	മൂന്നാറിൽ തൂക്കുപാലം പൊട്ടിയുണ്ടായ അപകടം (7–11–1984) ജ. പ്രഹ്ളാദൻ കമ്മീഷൻ	ലഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(അനുബന്ധം I—തുടർച്ച)

	കമ്മീഷൻ	റിപ്പോർട്ട് ലഭിച്ചു/ഇല്ല.
10.	വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കെ ഉണ്ടായ അപകടവും തുടർന്നുണ്ടായ പോലീസ് വെടിവയ്പും (15–12–1985)—ജ. വിജയൻ കമ്മീഷൻ	അന്വേഷണം പൂർത്തിയായിട്ടില്ല.
11.	കല്ലട ഇടമലയാർ പ്രോജക്ടുകളിലെ അണക്കെട്ടുകളിൽ ചോർച്ചയുണ്ടായതിനുള്ള കാരണങ്ങൾ—ജ. സുകുമാരൻ കമ്മീഷൻ	അന്വേഷണം പൂർത്തിയായിട്ടില്ല.
12.	സാലിയുടെ മരണം സംബന്ധിച്ച പോലീസ് അന്വേഷണത്തിൽ എന്തെങ്കിലും ഒമിഷൻസോ/കമ്മീഷൻസോ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെക്കുറിച്ചുള്ള അന്വേഷണം—ജ. ചന്ദ്രശേഖരപിള്ള കമ്മീഷൻ	അന്വേഷണം പൂർത്തിയായിട്ടില്ല.
13.	കൊല്ലം കളക്ടറേറ്റ് പിക്കറ്റ് ചെയ്ത എൽ. ഡി. എഫ്. വാളൻറിയേഴ്സിനെ നേരെയുള്ള പോലീസ് ബലപ്രയോഗം ജ. കനകദാസ് കമ്മീഷൻ	അന്വേഷണം പൂർത്തിയായിട്ടില്ല.

വിജിലൻസ് വകുപ്പിൽ നിന്നു നിയമിച്ചവ

1.	വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ.ബാലകൃഷ്ണപിള്ളയുടെ പേരിൽ ചില അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുവാനുള്ള ജസ്റ്റീസ് നാരായണപിള്ള കമ്മീഷൻ	5–8–1982 ലഭിച്ചു.
2.	ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായി ചില അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ—ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ	12–8–1983 ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly